nbt.india

एकः सूते सकलम्

നാദിയയ്ക്ക്

ISBN 978-81-237-8937-8

ആദ്യ പതിപ്പ് 2019
© ആനന്ദ് കാർത്തിക് മിതാൽ
മലയാള പരിഭാഷ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
Choogh the Squirrel (*English*)
Choogh Enna Annankunj (*Malayalam*)
**₹ 70.00**
പ്രസിദ്ധീകരണം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
നെഹ്റു ഭവൻ, 5 ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഫേസ് II
വസന്ത് കുഞ്ജ്, ന്യൂഡൽഹി 110 070
Website: www.nbtindia.gov.in

nbt.india
एकः सूते सकलम्

നെഹ്റു ബാല പുസ്തകാലയം

# ചൂഗ് എന്ന അണ്ണാൻകുഞ്ഞ്

ബിറ്റി മിതാൽ

ചിത്രീകരണം
പാർത്ഥ സെൻഗുപ്ത

വിവർത്തനം
കുമാർ ജെ

nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्
നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ



കുറെ വർഷങ്ങൾക്കുമുമ്പു നടന്ന സംഭവമാണിത്. അന്നു ഞാൻ ബോഡിംഗ് സ്കൂളിലായിരുന്നു. പരീക്ഷകൾ എല്ലാം കഴിഞ്ഞ സമയം. വേനലവധിക്കു സ്കൂൾ അടയ്ക്കാൻ രണ്ടു ദിവസം മാത്രമേ ഇനിയുള്ളൂ.

ഞാൻ വീട്ടിലേക്കു തിരിച്ചു പോകാൻ കാത്തിരിക്കുകയായിരുന്നു. കൂട്ടുകാരുടെ സാമീപ്യം, കളിതമാശകൾ, ഗോവക്കാരനായ പാചകക്കാരൻ ഉണ്ടാക്കുന്ന രുചികരമായ ഭക്ഷണം എന്നിവയെല്ലാം നിറഞ്ഞ് നിൽക്കുന്ന വീട്.

ആറുമണിക്കു വിളിച്ചുണർത്താൻ ബെല്ലിന്റെ ശബ്ദമില്ല. നിർബന്ധിത പി ടി ഇല്ല. ഓടിപ്പിടച്ചുള്ള പ്രഭാതഭക്ഷണം, അസംബ്ലി, ക്ലാസ്സുകൾ, ഉച്ചയൂണ്, കളികൾ, ഗൃഹപാഠം ഒന്നും ഉണ്ടാകില്ല. ഉറങ്ങാൻ ധാരാളം സമയം. പ്രത്യേകിച്ച് ഒന്നും തന്നെ ചെയ്യാനുണ്ടാവില്ല.

പരീക്ഷ കഴിഞ്ഞതിനു ശേഷമുള്ള രണ്ടു ദിവസം ക്ലാസ്സില്ലാത്തതിനാൽ ഞങ്ങൾ വെറുതെ ഇരിക്കുകയായിരുന്നു.

ഞങ്ങളുടെ ഹോസ്റ്റലിനു പുറകിലുള്ള പൂന്തോട്ടത്തിൽ ഒരു സൂക്ഷ്മ നിരീക്ഷണത്തിനു ഞാൻ തയ്യാറായി. അവിടുത്തെ മണ്ണിൽ ഒരു പ്രത്യേക തരം മാണിക്യകല്ലുണ്ടെന്ന് ആരൊക്കെയോ പറയുന്നതു കേട്ടിരുന്നു.



nbt.india
एकः सूते सकलम्

തോട്ടത്തിലെത്തിയപ്പോൾ തോട്ടക്കാരന്റെ മകൻ, ഒരു ചെറിയപെട്ടിയിൽ എന്തോ ഒളിപ്പിച്ചുവെക്കുന്നതു കണ്ടു. ഇടയ്ക്കിടക്ക് അവൻ അതു തുറന്ന് എന്തിലോ പതുക്കെ തൊട്ടിട്ടു വീണ്ടും അടച്ചുവയ്ക്കും. അവനോടു ചോദിച്ചപ്പോൾ പെട്ടിയിലുള്ളത് ഒരണ്ണാൻ കുഞ്ഞാണെന്നു മനസ്സിലായി.

ഞാൻ അതിനെയൊന്നു കുറച്ചുനേരം എടുത്തോട്ടെയെന്നു ചോദിച്ചു. അവൻ സമ്മതിച്ചു. ആ അണ്ണാൻ കുഞ്ഞിനെ അവൻ എന്റെ ഉള്ളം കൈയിൽ വച്ചു തന്നു. ഒട്ടും ഭാരമില്ലാത്തതും കുറച്ചു മാംസത്തെ ലോകത്തിലെ ഏറ്റവും മൃദുവായ രോമങ്ങൾ കൊണ്ടു പൊതിഞ്ഞുണ്ടാക്കിയതുമായ ഒരു ജീവി. എനിക്ക് അതിനോട് ദയ തോന്നി. അതിനെ സ്വന്തമാക്കി എനിക്ക് ഓമനിച്ചു വളർത്തണമെന്നു തോന്നി.

ആ അണ്ണാൻ കുഞ്ഞിനെ എനിക്കു വില്ക്കുമോയെന്നു മടിച്ചു മടിച്ചു ഞാൻ അവനോടു ചോദിച്ചു. അവനു വളരെ ഇഷ്ടമായിരുന്ന അണ്ണാൻകുഞ്ഞിനെ എനിക്കു തരാമെന്ന് അവൻ സമ്മതിച്ചു. എന്റെ കൈയിലുണ്ടായിരുന്ന പണം അവനു കൊടുത്തു. അവൻ അതും വാങ്ങി എങ്ങോട്ടോ പോയി.



nbt.india
एकः सूते सकलम



nbt.india



എനിക്കു വലിയ സന്തോഷം തോന്നി. കുറേനേരം അണ്ണാൻ കുഞ്ഞിനെ കൈയിൽ വച്ചു നോക്കി. കൈമടക്കാൻ എനിക്കു പേടിയായി. കൈ മടക്കിയാൽ അതിനു വേദനിച്ചാലോ. ഞാൻ അതിനെ എടുത്ത് എന്റെ കുപ്പായത്തിന്റെ കീശയിൽ വച്ചു. അവിടെ അത് സുഖമായിരുന്നു. എന്നിട്ടു ഞങ്ങൾ ഡോർമിട്രിയിലേക്കു പോയി.

അണ്ണാൻകുഞ്ഞിനെ എവിടെ സുരക്ഷിതമായി വയ്ക്കും? അതായിരുന്നു എന്റെ അപ്പോഴത്തെ പ്രധാന ചിന്ത. പഴയ ഒരു ഷൂപ്പെട്ടി ബുക്ക് ഷെൽഫിന്റെ മുകളിലുള്ള കാര്യം ഞാനോർത്തു. അതെടുത്തുകൊണ്ടുവന്നു പഴയചാക്ക്, പഞ്ഞികഷണം, പച്ചപുല്ല്, ഇലകൾ, എന്നിവയൊക്കെ കൊണ്ട് ആ പെട്ടിയുടെ അകം ഭംഗിയായി ഒരുക്കി. വായു കിട്ടാൻ വേണ്ടി പെട്ടിയുടെ മൂടിയിൽ ചെറിയ ദ്വാരങ്ങളും ഇട്ടു. അങ്ങനെ അണ്ണാൻ കുഞ്ഞിനെ ആ പുതിയ

nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

വീട്ടിൽ താമസമാക്കി. കഴിച്ചതിന്റെ ബാക്കി ബിസ്ക്കറ്റിൽ നിന്ന് ഒന്നെടുത്ത് അതിന് ഇട്ടു കൊടുത്തു. അണ്ണാൻ കുഞ്ഞിന് അത് ഇഷ്ടമാകുമെന്നു ഞാൻ കരുതി.

ഡോർമിട്രിയിൽ എല്ലാവർക്കും വലിയ ആഹ്ലാദമായി. ഷൂപ്പെട്ടിയിൽ എന്താണെന്നറിയാൻ അവർ വെമ്പി. അണ്ണാൻകുഞ്ഞാണെന്നറിഞ്ഞപ്പോൾ അതിനെ എങ്ങനെയാണു കിട്ടിയത്, ഞാൻ പിടിച്ചതാണോ, എന്താണു കഴിക്കാൻ കൊടുക്കുന്നത്, എന്തു പേരിടണം തുടങ്ങി പല പല സംശയങ്ങൾ കൂട്ടുകാർക്കുണ്ടായി. ആ അണ്ണാൻ കുഞ്ഞു പെട്ടെന്ന് തന്നെ എല്ലാവർക്കും പ്രിയപ്പെട്ടതായി. ഇനി എന്താണു ചെയ്യേണ്ടതെന്നും എങ്ങനെ വളർത്തണമെന്നുമുള്ളതും പറയാൻ ഓരോരുത്തരും മത്സരിച്ചു.



nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्



ആദ്യമായി ഒരു പേരു കണ്ടുപിടിക്കണം. അപ്പോൾ ഒരു പ്രായോഗിക പ്രശ്നം ഉണ്ടായി. പേരിടുന്നതിനുമുമ്പ്, അണ്ണാൻകുഞ്ഞ്, ആണോ പെണ്ണോ എന്നറിയണം.

nbt.india
एकः सूते सकलम्


nbt.india
एकः सूते सकलम्

ഞങ്ങൾ ആവുംവിധം ശ്രമിച്ചെങ്കിലും തിരിച്ചറിയാൻ കഴിഞ്ഞില്ല. ഒടുവിൽ ആണാണെന്നു കരുതി പേരിടാൻ തീരുമാനിച്ചു. പല പേരുകളും പലരും പറഞ്ഞു. ഓമന, മൃദുല എന്നിങ്ങനെ നിസ്സാരമായ പേരുകൾ ആ അത്ഭുത അണ്ണാനു വേണ്ടി പറഞ്ഞു. അതെല്ലാം ഉപേക്ഷിച്ച്, ഞങ്ങൾ ശ്രീ ഗംഗാധരൻ ജഗന്നാഥൻ ചൂഗ് എന്ന പേരാണു നല്ലതെന്നു കരുതി. നീളക്കൂടുതലുള്ള ആ പേരു ശരിയാവാഞ്ഞിട്ട് അതിനെ ചുരുക്കി ചൂഗ് എന്നു വിളിച്ചു.

ഡോർമിട്രിയിൽ വന്നതിന്റെ ആദ്യ വൈകുന്നേരം എല്ലാ സമയത്തും ചൂഗ് എന്റെ പോക്കറ്റിലായിരുന്നു ഇരുപ്പ്! അതിന് വളരെ സന്തോഷവും പ്രസരിപ്പും ഉള്ളതായി തോന്നി. മിക്കപ്പോഴും ഉറക്കമായിരിക്കും. ചിലപ്പോൾ നഖംകൊണ്ടു ചെറുതായിട്ട് ഉടുപ്പിനെ മാന്തും.

ഉറങ്ങുന്നതിനു മുമ്പു ചൂഗിനു കുറച്ചു ബിസ്ക്കറ്റും തുള്ളിവെള്ളവും കൊടുത്തു.

nbt.india
एकः सूते सकलम्





nbt.india



ഉറങ്ങുന്നതിനിടയിൽ അവനുമേൽ അമർന്നു പോയാലോ എന്നോർത്തു ഞാൻ അതിനെ ഷൂപ്പെട്ടിയിൽ കൊണ്ടു വച്ചു. ഒരു മൂടി കൊണ്ട് അടച്ച് റബ്ബർ കൊണ്ടു കെട്ടുകയും ചെയ്തു.

അടുത്ത ദിവസം ചൂഗിന്റെ ആഹാര കാര്യ ത്തിൽ ഞങ്ങൾ ശ്രദ്ധിച്ചു. പലതും ഞങ്ങൾ പരീക്ഷിച്ചെങ്കിലും ബദാം, വാൽനട്ട്, ബിസ്ക്കറ്റ്, ടോസ്റ്റ് എന്നിവയാണ് അവനി ഷ്ടമെന്നും മനസ്സിലായി.

വൈകുന്നേരം വീട്ടിൽ പോകാനായി ഞങ്ങൾ തീവണ്ടിയിൽ കയറി, ചൂഗിന് ആവ ശ്യമായ ആഹാരവും കൊടുത്ത് അവനെ രാത്രി മുഴുവൻ ഷൂപ്പെട്ടിയിൽ വച്ചു. അവൻ സുഖമായിരിക്കുന്നുവോ എന്നറിയാൻ ഇട യ്ക്കിടയ്ക്കു ഷൂപ്പെട്ടിയിൽ ഒളിഞ്ഞുനോക്കി. അവൻ അപ്പോൾ പഞ്ഞിക്കിടയിൽ ചുരുണ്ടു കിടക്കുകയായിരുന്നു.

nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्


nbt.india
एकः सूते सकलम्

അതിരാവിലെ ഞങ്ങൾ ഡൽഹിയിലെത്തി. പ്ലാറ്റ്ഫോം മുഴുവൻ മക്കളെ കൂട്ടിക്കൊണ്ടുപോകാൻ വന്ന മാതാപിതാക്കളായിരുന്നു. എന്റെ അച്ഛനമ്മമാരും കൂട്ടത്തിലുണ്ടായിരുന്നു. ഞാൻ ഏന്തിപ്പിടിച്ചു കൊണ്ടുവന്ന ഷൂപ്പെട്ടിയിൽ അവർ ആശ്ചര്യത്തോടെ നോക്കി. ആ പെട്ടിയിൽ അണ്ണാൻ കുഞ്ഞാണെന്നറിഞ്ഞപ്പോൾ അവർക്കു സമാധാനമായി. അവരും ചൂഗിന്റെ കാര്യത്തിൽ താൽപ്പര്യമുള്ളവരായി. വളരെ പെട്ടെന്നു ചൂഗ് വീട്ടിലെ ഒരംഗമായി.

എല്ലാ കൂട്ടുകാർക്കും ബന്ധുക്കൾക്കും ഞാൻ ചൂഗിനെ പരിചയപ്പെടുത്തി. ചിലർ എടുത്തു ലാളിക്കാൻ കൊതിച്ചു. ഞാൻ അവരുടെ ഉള്ളം കൈയിൽ ചൂഗിനെ വച്ചുകൊടുത്തു. ഉള്ളം കൈ മടക്കി അതിനെ വേദനിപ്പിക്കരുതെന്നും പറഞ്ഞു. ഷർട്ടിന്റെ പോക്കറ്റിൽ ഇരിക്കാനാണ് ചൂഗിന് ഏറെ ഇഷ്ടം. അവൻ വളർന്നു വലുതായതിനാൽ പോക്കറ്റിൽ കൊള്ളില്ല. അവന്റെ മൃദുരോമങ്ങൾ ഇടതൂർന്നു. വാലിനു നീളവും അഴകും കൂടി. അവന്റെ മുതുകത്തു തലമുതൽ വാലുവരെ മനോഹരമായ മൂന്നു വരകളും. ഈ മൂന്നു വരകൾ പണ്ടു ശ്രീരാമൻ സ്നേഹപൂർവം തലോടിയപ്പോൾ അണ്ണാൻകുഞ്ഞുങ്ങൾക്കു കിട്ടിയതാണെന്നാണ് ഐതിഹ്യം.

ചൂഗിന് എന്റെ ഷർട്ടിനുള്ളിൽ സ്വതന്ത്രമായി സഞ്ചരിക്കാനാണു കൂടുതൽ ഇഷ്ടം. എന്റെ കഴുത്തിലും ചെവിയിലും കയറും. ചെവിയുടെ മൃദുവായ കീഴ്ഭാഗം ചെറുതായി കരളും. അവന്റെ പാദങ്ങൾ ആദ്യമൊക്കെ മൃദുവായിരുന്നു. ഇപ്പോൾ തൊലിപ്പുറത്തൊക്കെ മൃദുവായി മാന്താൻ തുടങ്ങിയിട്ടുണ്ട്.

ഞാനും ചൂഗും വലിയ കൂട്ടുകാരായി. ഞാൻ കമ്പ്യൂട്ടറിൽ കളിക്കുമ്പോൾ അവൻ ഡസ്കിൽ വന്നിരിക്കും. ചൂഗ് മറ്റൊരു കാര്യം കണ്ടെത്തി.

nbt.india
एक: सूते सकलम्

എന്റെ ഉടുപ്പിനുള്ളിൽ ഇടത്തേക്കു വട്ടം ചുറ്റി ഓടിയാൽ അവനു പുറത്തു കടക്കാനാവില്ല. ബട്ടനുകൾ അവനെ തടയും. നേരെമറിച്ച് ക്ലോക്ക് ചലിക്കുംപോലെ വലത്തേക്കു വട്ടം ചുറ്റിയാൽ ബട്ടണുകൾക്കിടയിലൂടെ പുറത്തു വരാൻ കഴിയും. എന്റെ അച്ഛനോടും ചൂഗിന് വലിയ ഇഷ്ടമായിരുന്നു. ചായ വയ്ക്കുന്ന മേശയുടെ അടുത്തു വന്ന് ചൂഗ് ഇരിക്കുമ്പോൾ അച്ഛൻ കൊടുക്കുന്ന പഞ്ചസാരത്തരികൾ അവൻ കരണ്ടു കരണ്ടു തിന്നും.

പകൽ മുഴുവൻ ചൂഗ് ഒന്നുകിൽ എന്റെ ഡെസ്ക്കിലിരിക്കും. അല്ലെങ്കിൽ ഷർട്ടിനുള്ളിലായിരിക്കും. അതുമെല്ലെങ്കിൽ കർട്ടന്റെ മുകളിൽ കയറിയിരിക്കും. രാത്രിയാകുമ്പോൾ ഷൂപ്പെട്ടിയുടെ അകത്തു കയറി പഞ്ഞിക്കുള്ളിൽ ചുരുണ്ടു കിടന്ന് ഉറങ്ങും.

ആ വേനലവധി തീരുന്നതിനു മുൻപു കുറച്ചു ദിവസങ്ങൾ മുംബൈയിൽ ചെലവഴിക്കാൻ തീരുമാനിച്ചു. പക്ഷേ ചൂഗിനെ എന്തു ചെയ്യും? അവനെ വീട്ടിൽ വിട്ടിട്ടു പോകാമെന്ന് അച്ഛനും അമ്മയും പറഞ്ഞു. എന്നാൽ അവനെ ഞാനെങ്ങനെ പിരിയും? അവസാനം ചൂഗിനെയും ഒപ്പം കൊണ്ടു പോകാൻ തീരുമാനിച്ചു. ചൂഗിന്റെ വാസസ്ഥാനമായ ഷൂപ്പെട്ടി മോടികൂട്ടാൻ അമ്മ തീരുമാനിച്ചു. അതു പുറത്തെടുത്തു വൃത്തിയാക്കി പുതിയ പഞ്ഞികൊണ്ടു പെട്ടിക്കകം മോടി പിടിപ്പിച്ചു. ഒരു ചെറിയ പെട്ടിയിൽ ഭക്ഷണവും റബ്ബർ മൂടിയുള്ള കുപ്പിയിൽ വെള്ളവും അമ്മ എടുത്തു. കുപ്പിയുടെ അടപ്പിൽ ചെറിയ സുഷിരമിട്ടു. അതിലൂടെ വെള്ളം ചൂഗിനു കുടിക്കാം. ചൂഗിനുവേണ്ടിയുള്ള ഈ തയ്യാറെടുപ്പുകൾ അവനു വളരെ ഇഷ്ടമായിരുന്നു. ചൂഗിനു യാത്രയും പുതിയ അപ്പാർട്ട്മെന്റും ഇഷ്ടമായിരിക്കില്ലെന്ന് ഞാൻ ഉത്കണ്ഠപ്പെട്ടു. എന്നാൽ അതു വെറുതെയായിരുന്നു. യാത്രാ സമയത്ത് അവൻ മിക്കപ്പോഴും നല്ല ഉറക്കമായിരുന്നു. വണ്ടി മുംബൈയിലെത്തിയപ്പോൾ അവിടുത്തെ കാഴ്ചകൾ കാണാൻ ഉണർന്നു.

nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्

വളരെ സുരക്ഷിതമായി യാത്ര അവസാനിച്ചു. “തൂക്കു പൂന്തോട്ട”ത്തിനടുത്തുള്ള സ്ഥലത്തേക്കാണു ഞങ്ങൾ പോയത്. അവിടുത്തെ കെട്ടിടങ്ങൾക്കു ചുറ്റും പഴയ വലിയ വൃക്ഷങ്ങൾ പടർന്ന കൊമ്പുകളുമായി നിൽക്കുന്നു. വളഞ്ഞു പുളഞ്ഞ പുൽത്തകിടിയും അവിടെ ഉണ്ടായിരുന്നു. അതൊക്കെ കൂടി അവിടം ഒരു പൂന്തോട്ടം പോലെ തോന്നി. വൃക്ഷങ്ങളിൽ കലപില കൂട്ടുന്ന പലതരം പക്ഷികളും അണ്ണാന്മാരും ഉറുമ്പുകളും തേനീച്ചകളും താമസിക്കുന്ന അപ്പാർട്ട്മെന്റ് വളരെ വലുതായിരുന്നു. എന്റെ ചേട്ടനും എനിക്കും കൂടി വലിയൊരു കിടപ്പുമുറി കിട്ടി. അതിൽ എത്ര വസ്ത്രം വേണമെങ്കിലും സൂക്ഷിക്കാൻ സൗകര്യമുള്ള ഇടവും ഉണ്ടായിരുന്നു. അവിടെ ഞാൻ ചൂഗിന്റെ ഷൂപ്പെട്ടി വച്ചു.

ചൂഗിനെക്കുറിച്ചു കേട്ട എന്റെ അമ്മാവന്റെ മകൾ ഞങ്ങളെ ചായ കുടിക്കാൻ ക്ഷണിച്ചു. ഞങ്ങളുടെ വരവ് അവൾ പ്രതീക്ഷയോടെ കാത്തിരുന്നു. അവളും സ്കൂളിൽ പഠിക്കുമ്പോൾ ഒരു അണ്ണാൻ കുഞ്ഞിനെ വളർത്തിയിരുന്നു. അവളുടെ വീട്ടിൽ രാജകീയ സ്വീകരണമാണ് ചൂഗിന് കിട്ടിയത്. അവനു പ്രത്യേക സ്ഥലത്തു പ്രത്യേക മേശയിൽ പ്രത്യേകം ചെറിയ പാത്രമൊക്കെ വച്ചു. ബദാം, വാൽനട്ട്, പഞ്ചസാര, ഒക്കെ അവനു കൊടുത്തു. ചൂഗ് നല്ലവണ്ണം അതൊക്കെ ആസ്വദിച്ചു. പിന്നീടൊരു ദിവസം വരാമെന്നും പറഞ്ഞു ഞങ്ങൾ അവിടുന്നു തിരിച്ചു.

nbt.india
एकः सूते सकलम्




nbt.india
एकः सूते सकलम्

പരിഭ്രാന്തിയുടേതായിരുന്നു പിറ്റേ ദിവസം. ചൂഗിനെ കാണാനില്ല! ഞാൻ ചൂഗിനെ ഷൂപ്പെട്ടിയിൽ വച്ചു വാതിൽ അടച്ചതാണ്. തുറന്നുനോക്കിയപ്പോൾ അവനെ കാണാനില്ല. അടുത്തെങ്ങും ഉള്ളതിന്റെ ലക്ഷണവുമില്ല. ഞാൻ അലമാരയിലും കർട്ടനിടയിലെ ഷൂസിലുമൊക്കെ നോക്കി. അവിടെയെവിടെയെങ്കിലും കാണുമെന്നു സമാധാനിച്ചു. എന്റെ സങ്കടം കണ്ട് എല്ലാവരും അതിനെ തിരഞ്ഞു.



അവിടുത്തെ മുക്കിലും മൂലയിലും നോക്കിയെങ്കിലും കണ്ടില്ല. ഞാൻ നിരാശയിലായി. എനിക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഞങ്ങൾ താമസിക്കുന്ന വീടു വളരെ വലുതാണ്. ചൂഗാണെങ്കിലോ തീരെ ചെറുതും. എവിടെ തിരയും? അവന് ആഹാരത്തിന് എന്തു കിട്ടും? അവിടെയൊക്കെ ധാരാളം പൂച്ചകൾ ചുറ്റിത്തിരിഞ്ഞു നടക്കുന്നുണ്ട്. അതിൽ നിന്നൊക്കെ അവൻ എങ്ങനെ രക്ഷപ്പെടും. എനിക്ക് എന്നോട് തന്നെ ദേഷ്യവും നിരാശയും തോന്നി. എന്തുകൊണ്ടാണു ഞാൻ ചൂഗിന്റെ പെട്ടി സുരക്ഷിതമായി അടയ്ക്കാത്തത്!



ചൂഗ് എന്നന്നേക്കുമായി എനിക്കു നഷ്ടപ്പെട്ടുവെന്നു ഞാൻ ഉറപ്പിച്ചു. അതിനോടു ഞാൻ പൊരുത്തപ്പെട്ടു. ഞങ്ങൾ ക്ലബ്ബിൽ നീന്തലിനു പോയി. പിന്നീടു പ്രഭാത ഭക്ഷണവും കഴിച്ചു. ഞാൻ അലമാരയിലെ തുണികളും നീന്തലിനുള്ള സാധനങ്ങളും മറ്റും പുറത്തേക്കു വലിച്ചിട്ടു നോക്കി. അതിൽ നിന്നു തിളങ്ങുന്ന ഒരു ഷർട്ട് എടുത്തു. അത് എനിക്കു സന്തോഷം നൽകുമെന്നു കരുതി.

നോക്കൂ! ശ്രദ്ധിച്ചു നോക്കിക്കാണൂ! ഞാൻ എന്റെ സഹോദരനെ ഉറക്കെ വിളിച്ചു. “ചൂഗ് ഇവിടെയുണ്ടേ അലമാരയിൽ കിടന്നുറങ്ങുന്നു.”

ഞാൻ സന്തോഷം കൊണ്ടു മതിമറന്നു. ചൂഗിനെ പതുക്കെയെടുത്തു ലാളിച്ചു. അവനെ നഷ്ടപ്പെട്ടതിലുള്ള ദു:ഖം എത്രമാത്രമാണെന്ന് അവനെ ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചു.





nbt.india
एकः सूते सकलम्



nbt.india



nbt.india
एकः सूते सकलम्



പതുക്കെ പതുക്കെ ജീവിതം പഴയ പടിയായി. വീട്ടിൽ വരുമ്പോൾ ചൂഗിനെ കാണുമ്പോൾ വളരെയധികം സന്തോഷം ഉണ്ടാകും.

അടുത്ത വീട്ടിലെ മരം വളർന്ന് അതിന്റെ കൊമ്പുകൾ ജനാലകളിൽ വന്നുമുട്ടും. ചില കൊമ്പുകളിൽ നല്ല പഴങ്ങളും ഉണ്ടാകും. അണ്ണാറക്കണ്ണന്മാർ അതിലൂടെ കയറിയും ഇറങ്ങിയും കളിക്കുന്നതു കാണാം. അവയുടെ ചിൽ ചിൽ ശബ്ദം വീടിനുള്ളിൽ മുഴങ്ങി. പഴങ്ങൾ കൊത്താൻ പലയിനം പക്ഷികളും വന്നു.

nbt.india
एकः सूते सकलम्



nbt.india
एकः सूते सकलम्



ഒരു ദിവസം ഞാൻ ചൂഗിനെ അലമാരയിലാക്കിയിട്ടു നീന്തലിനു പോയി. തിരികെ വന്നപ്പോൾ ഷൂപ്പെട്ടിയിൽ ചൂഗിനെ കണ്ടില്ല. അതുവീണ്ടും ഷൂപ്പെട്ടിയിൽ നിന്നു വെളിയിലിറങ്ങി, എന്റെ തുണികൾക്കിടയിൽ ഒളിഞ്ഞിരിക്കുകയായിരിക്കുമെന്നു ഞാൻ വിചാരിച്ചു. അതുകൊണ്ട് ഓരോ തുണിക്കിടയിലും ശ്രദ്ധാപൂർവം നോക്കി. ഒരിടത്തുമില്ല. ഉടൻ കെട്ടിടത്തിൽ താഴെയെത്തി നോക്കി. എവിടെയുമില്ല. അവൻ പുതിയ ഒളിത്താവളം കണ്ടെത്തിക്കാണും. ഞാൻ വിചാരിച്ചു. കൂടുതൽ ശ്രദ്ധയോടെ ഊർജ്ജസ്വലതയോടെ അവിടെയെല്ലാം അന്വേഷിച്ചു.

എനിക്ക് ആകാംക്ഷയും അമ്പരപ്പും ഉണ്ടായി. അന്വേഷണത്തിന് എന്റെ സഹോദരനും വന്നു. ഞങ്ങൾ ഒരുമിച്ച് അലമാരയും മുറിക്കകവും വീടുമുഴുവനും പരിശോധിച്ചു. കഷ്ടം! ഒരിടത്തും ചൂഗിനെ കണ്ടില്ല. അന്വേഷണം പരാജയപ്പെട്ടു.

nbt.india
एक: सूते सकलम्


nbt.india



അവസാനം വീട്ടുവേലക്കാരനും അച്ഛനും അമ്മയും എല്ലാവരും ചേർന്ന് അന്വേഷിച്ചു. എന്നാൽ ഒരിടത്തും ചൂഗിനെ കണ്ടില്ല.

"കുട്ടീ, സങ്കടപ്പെടരുത്, ചൂഗ് തീർച്ചയായും മരത്തിലെ അതിന്റെ കൂട്ടുകാരോടു ചേർന്നുകാണും," അന്വേഷണത്തിനൊടുവിൽ വൃദ്ധനായ പാചകക്കാരൻ പറഞ്ഞു. ചൂഗിനെ നഷ്ടപ്പെട്ട കാര്യത്തിൽ പാചകക്കാരൻ പറഞ്ഞതിനോട് എനിക്കു യോജിക്കാൻ കഴിഞ്ഞില്ല. എന്നാൽ ചൂഗിനെ ഒരിടത്തും കണ്ടെത്താനും കഴിഞ്ഞില്ല!

nbt.india
एक: सूत्र संकलनम्

പതുക്കെപ്പതുക്കെ ദിവസങ്ങൾ കടന്നുപോയി. ഓരോ ദിവസവും ഞാൻ പ്രതീക്ഷയോടെ കാത്തിരുന്നു. ചൂഗ് മടങ്ങിവരും. ഞങ്ങൾക്കു ഡൽഹിയിലേക്കു മടങ്ങേണ്ട സമയമായി. ചൂഗിനെക്കുറിച്ചാണെങ്കിൽ ഒരു വിവരവുമില്ല. അപ്പോൾ എന്നിൽ ഒരു ചിന്തയുണ്ടായി. ആ പാചകക്കാരൻ പറഞ്ഞത് ഒരു പക്ഷേ, ശരിയായിരിക്കും. ഒരു പക്ഷേ, മരത്തിലെ കലപില ശബ്ദങ്ങളും അതിവേഗതയും അവനെ വശീകരിച്ചുകൊണ്ടു പോയിരിക്കും.

എനിക്കു മറ്റൊരത്ഭുത ചിന്തയുണ്ടായി. വാസ്തവത്തിൽ ചൂഗ് അവൻ ആകാതെ അവളായിരുന്നെങ്കിൽ അവിടെ മരത്തിൽ അവർക്കു പല പ്രവൃത്തികളും ഉണ്ടല്ലോ. കൂടുതൽ ഓടുക, പിന്നെ പിൻതുടർന്നോടിക്കുക, മരക്കൊമ്പിനുമുകളിലും താഴെയും കയറിക്കളിക്കുക തുടങ്ങിയ കളികൾ അവർക്കുണ്ടാകും. ചൂഗിനെ മരത്തിലെ അവന്റെ കുടുംബത്തിലുള്ള മറ്റുള്ളവർ വന്നു കൂട്ടിക്കൊണ്ടുപോയതായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കി.

എനിക്ക് അവനോടൊത്തുള്ള നിമിഷങ്ങൾ നഷ്ടമായി. എന്നാൽ അവൻ വീടണഞ്ഞല്ലോ!



nbt.india
एकः सूते सकलम्

nbt.india

एकः सूते सकलम्

Printed at: Viba Press Pvt. Ltd., New Delhi